LIBRARY, ARCHIVES Kerala Legislative Assembly

മായന്നൂർ പാലത്തിന്റെ നിർമ്മാണം

71 [623] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര-ഒറ്റപ്പാലം മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മായന്നൂർ പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നബാർഡ് ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കുവാൻ ഈ വർഷം തയ്യാറാക്കിയ പട്ടികയിൽ ഈ പാലത്തിന്റെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) നബാർഡ് പദ്ധതിയായി ഈ പാലത്തിന്റെ നിർമ്മാണംകൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭ്യമായിരുന്നുവോ;

(ഇ) പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പാലത്തിന്റെ ഫൗണ്ടേഷൻ പണികളും സബ് സ്ട്രക്ചറും പൂർത്തിയായിട്ടുണ്ട്. സ്ലാബുകൾ ഇടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഇല്ല.

(സി—ഇ) നബാർഡ് സഹായത്തോടെ പാലം പണി പൂർത്തിയാക്കുന്നതിന് നിവേദനം ലഭിച്ചിരുന്നു. എന്നാൽ ഹഡ്കോയുടെ സഹായത്തോടെ ഈ പാലത്തിന്റെ ശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലായതിനാൽ ഈ പാലം പണി നബാർഡ് സഹായത്തോടെ പൂർത്തിയാക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല. ഹഡ്കോയുടെ സഹായം ലഭിക്കാതെ വന്നാൽ നബാർഡ് സഹായം തേടുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

പയ്യന്നൂർ നാവിക അക്കാദമി-ബാംഗ്ലൂർ റോഡിന്റേയും മുണ്ടോർട്ട് പാലത്തിന്റെ നിർമ്മാണം

72 [624] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നാവിക അക്കാദമി-ബാംഗ്ലൂർ റോഡിന്റേയും മുണ്ടോർട്ട് പാലത്തിന്റെയും നിർമ്മാണത്തിന് അനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?